/128316/2023

150 YEARS OF CELEBRATING THE MAHATMA

Break the chain

സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ:എച്ച്.ദിനേശൻ.IAS )

ഉത്തരവ് നം. SJD/3464/2023-E6

തിരുവനന്തപുരം,
തീയതി. 25-11-2023

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം – സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II തസ്തികയുടെ ഫീഡർ കാറ്റഗറിയായി ഉൾപ്പെട്ടിട്ടുള്ള വിവിധ തസ്തികകളായ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III, സ്പെഷ്യൽ ടീച്ചർ എച്ച്.എം.ഡി.സി എന്നീ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ 30/09/2023 വരെയുള്ള അന്തിമസീനിയോറിറ്റി ലിസ്റ്റ്, സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റ നിയമനത്തിനായുള്ള അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റ് എന്നിവ പ്രസിദ്ധപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :

1.സ.ഉ.(കൈ) നം.10/2019/സാ.നീ.വ തീയതി.21/10/2019.

2.സാമൂഹ്യനീതി ഡയറക്ടറുടെ 27-04-2020 ലെ SJD/940/2020-E9 നടപടിക്രമങ്ങൾ

3.സ.ഉ.(അച്ചടി)നം.6/2021/സാ.നീ.വ തീയതി.15/02/2021

4.സാമൂഹ്യനീതി ഡയറക്ടറുടെ 31-05-2021 ലെ SJD/1892/2021-E3 നം നടപടിക്രമങ്ങൾ

5.സാമൂഹ്യനീതി ഡയറക്ടറുടെ 25-10-2023 ലെ SJD/3464/2023-E6 നം നടപടിക്രമങ്ങൾ.

6.രാധിക പി.ആർ. ഇൻസ്ട്രക്ടർ ബുക്ക് ബയന്റിംഗ്, വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ മായനാട് കോഴിക്കോടിന്റെ അപേക്ഷ.

7.ദീപാലക്ഷ്മി.ആർ ഇൻസ്ട്രക്ടർ ബുക്ക് ബയന്റിംഗ്, അൽ അസീഖ.എസ് ഇൻസ്ട്രക്ടർ, ടെയിലറിംഗ് & എംബ്രോയിഡറി വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം എന്നീ ജീവനക്കാരുടെ 3/11/2023-ലെ അപേക്ഷ.

സാമൂഹ്യനീതി വകുപ്പ് വിഭജനവുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം എക്സിക്യൂട്ടീവ് ഉത്തരവിലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കി സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II തസ്തികയിലേക്കുള്ള നിയമനവ്യവസ്ഥ നിർണ്ണയിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ സൂപ്രണ്ട് ഗ്രേഡ് II തസ്തികയുടെ ഫീഡർ തസ്തികകളായി കാറ്റഗറി 3-സൂപ്പർവൈസർ വിടിസി, കാറ്റഗറി 4- സോഷ്യൽ സയന്റിസ്റ്റ് വിടിസി, കാറ്റഗറി 5-സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III, കാറ്റഗറി 6-സ്പെഷ്യൽ ടീച്ചർ (എച്ച്.എം.ഡി.സി) എന്നീ 4 വിഭാഗം തസ്തികകളാണ് ഉൾപ്പെട്ടിട്ടുള്ളത്. നിലവിൽ കാറ്റഗറി 3-സൂപ്പർ വൈസർ വിടിസി, കാറ്റഗറി 4-സോഷ്യൽ സയന്റിസ്റ്റ് വിടിസി എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ് എന്നാൽ കാറ്റഗറി 5- സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III, കാറ്റഗറി 6-സ്പെഷ്യൽ ടീച്ചർ എച്ച്.എം.ഡി.സി എന്നീ തസ്തികകളിൽ ജീവനക്കാർ സേവനമനുഷ്ഠിച്ച് വരുന്നു. സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിലേയ്ക്ക് ഓരോ ഫീഡർകാറ്റഗറി തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റും, ടി തസ്തികകളിൽ നിലവിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരുടെ സംയുക്ത സീനിയോറിറ്റിലിസ്റ്റും പ്രസിദ്ധപ്പെടുത്തേണ്ടതായുണ്ട്.

സാമൂഹ്യനീതിവകുപ്പിൽ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III തസ്തികയിലെ 01/02/2020 പ്രാബല്യത്തിലുള്ള ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2/02/2020 മുതൽ 30/09/2023 വരെ ക്ഷേമസ്ഥാപന സൂപ്രണ്ട്